DESPATCHED
On 21/9/21.....

15/9/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 663(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.6435/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 സെപ്റ്റംബർ 15

ശ്രീ. അബ്ദുൾ ഹക്കീം ഷെരീഫ്,
7ബി, ടവർ 1, കണ്ണൂർ ഹൈറ്റ്സ്,
ആറാട്ട് റോഡ്,
കണ്ണൂർ – 670 001. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
റവന്യു ഓഫീസർ,
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ,
കണ്ണൂർ.
2. അപ്പീൽ അധികാരി &
സെക്രട്ടറി,
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ,
കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 20.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 8.3.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 25.3.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.5.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 23.6.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 7.7.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 3.8.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 14.9.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അബ്ദുൾ ഹക്കീം ഷെരീഫ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ 20.1.2021–ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി അപൂർണ്ണമായതും വ്യക്തമല്ലാത്തതുമായ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ രണ്ടാം

എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ, ബന്ധപ്പെട്ട ഫയൽ കണ്ടുപിടിച്ച് 7 ദിവസത്തിനുള്ളിൽ ശരിയായ വിവരങ്ങൾ സൗജന്യമായി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടും ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് നിന്നും യാതൊരു നടപടിയും ഉണ്ടയിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 20.1.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 2013 ജനുവരി മുതൽ കരം ഒടുക്കുന്ന ടിയാന്റെ അപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് 21.8.2019 തീയതി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ് :

(i) Inform whether any action has been taken on his application dated 21.8.2019 and if so the decision.

(ii) If no decision is taken please inform him the name and designation of the officer responsible for such exorbitant delay in processing his application.

(iii) Name and designation of the officer who is authorised to take decision on petitions like this and so on numbering to five items.

3. മേൽപ്പടി അപേക്ഷയ്ക്ക് 19.2.2021 തീയതി ഒന്നാം എതിർകക്ഷി (5-ാം ഇനം ഒഴികെയുള്ളവയ്ക്ക്) മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലെന്ന് പരാതിപ്പെട്ടുകൊണ്ട് രണ്ടാം എതിർകക്ഷി മുമ്പാകെ 8.3.2021 തീയതി സമർപ്പിച്ച അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി അപൂർണ്ണമാണെന്ന ഹർജിക്കാരന്റെ വാദം ശരിയാണെന്നും ഫയൽ ലഭ്യമല്ലെന്ന രീതിയിലുള്ള മറുപടി തികച്ചും അസ്വീകാര്യമാണെന്നും അപേക്ഷയിലെ 5-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടതിനു പകരം ബാധകമല്ലെന്ന് മറുപടി നൽകിയത് ശരിയായ നടപടി അല്ലെന്നും ആയതിനാൽ അപ്പീൽ വാദി ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയൽ 7 ദിവസത്തിനകം കണ്ടെത്തി വിവരങ്ങൾ നൽകേണ്ടതാണെന്നും അപേക്ഷയിലെ 5-ാം ഇനത്തിന് കൃത്യമായ മറുപടി നൽകേണ്ടതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ നൽകിയ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി അപൂർണ്ണമാണെന്ന അപ്പീൽ അപേക്ഷകന്റെ വാദം ശരിയാണെന്ന് പരിശോധനയിൽ കാണുകയുണ്ടായി എന്നും അപേക്ഷയിൽ പറയുന്ന ഫയൽ ലഭ്യമല്ലെന്ന രീതിയിലുള്ള മറുപടി തികച്ചും അസ്വീകാര്യമാണെന്നും, പരാതി നൽകാനുള്ള മേലുദ്യോഗസ്ഥന്റെ പേര് വിവരങ്ങൾ നൽകേണ്ടതിനു പകരം ബാധകമല്ലെന്ന് എസ്.പി.ഐ.ഒ നൽകിയ

മറുപടി ശരിയായ നടപടിയല്ലെന്നും ആയതിനാൽ അപ്പീൽ വാദി ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഫയൽ 7 ദിവസത്തിനകം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ കണ്ടെത്തി നൽകേണ്ടതാണെന്നും കൃത്യമായ വിവരങ്ങൾ സൗജന്യമായി നൽകണമെന്നും നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമം വളരെ ലാഘവത്തോടെ കൈകാര്യം ചെയ്തു കൊണ്ടാണ് ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതെന്ന് കമ്മീഷന് ബോധ്യമാകുന്നു. 25.3.2021 ന് രണ്ടാം എതിർകക്ഷി ഒന്നാം അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ അപ്പീൽവാദി ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയൽ 7 ദിവസത്തിനകം എസ്.പി.ഐ.ഒ കണ്ടെത്തി അപേക്ഷകന് കൃത്യമായ മറുപടി നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. അപ്രകാരമുള്ള യാതൊരു നടപടിയും ഒന്നാം എതിർകക്ഷി സ്വീകരിക്കാതിരുന്നതിനാലാണ് ഹർജിക്കാരന് കമ്മീഷനെ സമീപിക്കേണ്ടതായി വന്നിട്ടുള്ളത്. ആയതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ പൂർണ്ണ വിവരങ്ങൾ സൗജന്യമായി നൽകണമെന്നും, ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടി മറുപടി തയ്യാറാക്കുന്നതിന് ആധാരമായ ഫയലുകൾ/രജിസ്റ്ററുകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് അവസരം നൽകണമെന്നും വിവരാവകാശ അപേക്ഷകൾ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്ത് ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 15 –ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ... THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk